# ശബരിമല സർവ്വേ തടഞ്ഞതിന് പുറകിൽ ദേവസ്വം ബോർഡ്

പത്തനംതിട്ട : ശബരിമലയിൽ ഇക്കൊ ഡവലപ്പ്മെന്റ് സൊസൈറ്റി നടത്തിയിരുന്ന തീർത്ഥാടകർക്കിടയിലുള്ള സർവ്വെ തടയാനായി കോടതിയെ സമീപിച്ചതിനുപുറകിൽ ദേവസ്വംബോർഡ് ആണെന്ന് വ്യക്തമായി.

ശബരിമലയിലെ സർവേകൾ ക്ഷേത്രത്തിന്റെ വർദ്ധിച്ചുവരുന്ന പ്രശസ്തി കളങ്കപ്പെടുത്താനാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് ഡോ. എൻ. ബാബു ആരോപിച്ചിരുന്നു. ശബരിമലയിൽ സർവ്വെ നടത്താൻ ആരേയും ഏർപ്പെടുത്തിയിട്ടില്ലെന്ന് ദേവസ്വം വകുപ്പ് മന്ത്രി ജി. കാർത്തികേയനും പ്രസ്ഥാവിച്ചിരുന്നു.

ശബരിമലയിലെ സർവ്വെയിലെ ചില ചോദ്യങ്ങളായിരുന്നു ദേവസ്വം ബോർഡിനെ പ്രകോപിപ്പിച്ചത്. ശബരിമല ക്ഷേത്രം പെരിയാർ കടുവാസങ്കേതത്തിനകത്താണെന്ന് താങ്കൾക്കറിയുമോ? തീർത്ഥാടനം വനശോഷണത്തിന് കാരണമായിട്ടുണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ സ്വന്തം താല്പര്യത്തിന് എതിരാകുമെന്നതിനാലാണ് സർവ്വെക്കെതിരായി ദേവസ്വം നീങ്ങിയതെന്നറിയുന്നു.

ഇതുവരെ നടത്തിയ സർവ്വെ ഫലങ്ങളനുസരിച്ച് ഭൂരിഭാഗം ഭക്തരും ഇനിയും വനഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോട് വിയോജിപ്പുള്ളവരാണ്. ശബരിമലയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തി ലാഭമുണ്ടാക്കുന്ന കൺസ്ട്രക്ഷൻ ലോബിയും ദേവസ്വം ബോർഡും സർവ്വെ തുടർന്നാൽ അയ്യപ്പന്റെ പൂങ്കാവനം നേരിടുന്ന പാരിസ്ഥിതിക വിനാശത്തെപറ്റി ഭക്തർ ബോധവാന്മാരാകുമെന്ന ഭയന്നാണ് ഇതിനെതിരെ നീങ്ങിയത്.

ഇക്കഴിഞ്ഞ ഡിസംബർ 20 നാണ് ആലുവ സ്വദേശിയായ എസ്. ബാലകൃഷ്ണൻപിള്ള സമർപ്പിച്ച ഹർജി പ്രകാരം ജസ്റ്റീസ് വി.പി. മോഹൻകുമാർ, ജസ്റ്റീസ് കെ.കെ. ദിനേശൻ എന്നിവരുൾപ്പെട്ട ഡിവിഷൻബെഞ്ച് സർവ്വെ തടഞ്ഞുകൊണ്ടുത്തരവിട്ടത്. സർവ്വെ തീർത്ഥാടകർക്ക് വിഷമം ഉണ്ടാകുന്നു എന്നതായിരുന്നു ഹർജിയിലെ വാദം.

ശബരിമലയിലെത്തുന്ന ഭക്തരുടെ എണ്ണം പെരുപ്പിച്ചുകാട്ടി വികസനത്തിനായി ഇനിയും വനഭൂമി വിട്ടുകിട്ടേണ്ടതുണ്ടെന്നാണ് ദേവസ്വം ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വനംവകുപ്പിനുവേണ്ടി ഇക്കോ ഡവലപ്പ്മെന്റ് സൊസൈറ്റി കൃത്യമായി തീർത്ഥാടകരുടെ എണ്ണം എടുക്കുന്നത് ദേവസ്വം ബോർഡിന്റെ അവകാശവാദങ്ങൾ പൊളിച്ചുകാട്ടും എന്ന സ്ഥിതിവന്നപ്പോഴാണ് ദേവസ്വം കണക്കെടുപ്പിന്റേയും നീങ്ങുന്നത്. പക്ഷെ കോടതി കണക്കെടുപ്പ് നിരോധിച്ചിട്ടില്ല. ദേവസ്വം മന്ത്രിയും ശിവസേന പോലുള്ള ചില തീവ്രഹിന്ദു വർഗ്ഗീയ ഗ്രൂപ്പുകളും കണക്കെടുപ്പ് തടയണമെന്ന നിലപാടിൽ ദേവസ്വത്തിനോടൊപ്പം നിൽക്കുന്നു. ഏതാനും മാധ്യമങ്ങളുടെ പിൻതുണയും ദേവസ്വത്തിനുണ്ട്. സർവ്വെ ഹൈക്കോടതിയിൽ തടഞ്ഞുവെങ്കിലും കണക്കെടുപ്പ് ഏതായാലും കോടതി തടഞ്ഞിട്ടില്ല. ഇത് തടയാനുള്ള നീക്കങ്ങളും ദേവസ്വം നടത്തുന്നുണ്ട്. മതവികാരം കുത്തിപ്പൊക്കി വർഗ്ഗീയവാദികളെ ഇതിനെതിരെ ഉണർത്തിവിടാനാണ് ദേവസ്വം ബോർഡിന്റെ പരിപാടി.

വള്ളക്കടവിലും ശബരിമലയിലും വെച്ചാണ് ഇക്കൊ ഡവലപ്പമെന്റ് സൊസൈറ്റി ഹാൻഡ് ടെലികൗണ്ട് എന്ന കൗണ്ടിംഗ് യന്ത്രംവെച്ച് കണക്കെടുക്കുന്നത്. കണക്ക് കൃത്യമായിരിക്കാൻവേണ്ടി 50 പേരടങ്ങുന്ന സംഘമാണ് മാറിമാറി രംഗത്തെത്തുന്നത്.